LR/847/2021-LR(N1)

തീയതി: 01-06-2022

# ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

(ഹാജർ : BIJU K IAS)

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം, റവന്യൂ കോംപ്ലക്സ് ,പബ്ലിക് ഓഫീസ് ബിൽഡിംഗ്,
മ്യൂസിയം ജംഗ്ഷൻ ,തിരുവനന്തപുരം
മെയിൽ: lrcommissioner@gmail.com, ഫോൺ :0471-2322885

വിഷയം:- ചെയിൻ സർവ്വേ പരിശീലനം- പരിശീലന പരിപാടിയിൽ നിന്ന് ജീവനക്കാരെ ഒഴിവാക്കി നടപടിക്രമം പുന:ക്രമീകമീകരിച്ച്.

സൂചന:- 1. 25.05.2022, 28-05-2022 തിയ്യതികളിലെ ഇതേ നം. നടപടിക്രമം.

2. ശ്രീമതി.ലിനി പി.എം., ശ്രീ.സനിൽകമാർ പി.ജി. എന്നിവരുടെ പരിത്യജിക്കൽ പത്രിക.

സൂചന 1 പ്രകാരം ജൂൺ മാസത്തെ ചെയിൻ സർവ്വേ പരിശീലനത്തിന് നിയോഗിച്ചവരിൽ തിരുവനന്തപുരം പരിശീലന കേന്ദ്രത്തിൽ ക്രമ നം.23 ആയി ഉൾപ്പെടുത്തിയിട്ടുള്ള ശ്രീ.സനിൽകുമാർ പി.ജി., തൃശ്ശൂർ പരിശീലന കേന്ദ്രത്തിൽ ക്രമ നം.2 ആയി ഉൾപ്പെടുത്തിയിട്ടുള്ള ശ്രീമതി.ലിനി പി.എം. എന്നവർ പരിശീലനം പരിത്യജിക്കുന്നതിന് നിശ്ചിത പ്രഫോർമിൽ പരിത്യജിക്കൽ പത്രിക സമർപ്പിച്ചിട്ടുണ്ട്, കൂടാതെ തൃശ്ശൂർ പരിശീലന കേന്ദ്രത്തിൽ ക്രമ നം.14 ആയി ഉൾപ്പെടുത്തിയിട്ടുള്ള ശ്രീമതി.ജിൻസി കെ.ജെ. എന്നവർ മാതൃത്വാവധിയിൽ ആയതിനാൽ പരിശീലനത്തിൽ നിന്ന് താൽക്കാലികമായി ഒഴിവാക്കണമെന്ന് കാണിച്ച മലപ്പുറം ജില്ലാ കളക്ടർ കത്ത് നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ശ്രീ.സനിൽകുമാർ പി.ജി., ശ്രീമതി.ലിനി പി.എം. എന്നിവർക്ക് പരിശീലനം പരിത്യജിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ശ്രീമതി.ജിൻസി കെ.ജെ. എന്നവരെ പരിശീലനത്തിൽ നിന്ന് താൽക്കാലികമായി ഒഴിവാക്കിക്കൊണ്ടും ഉത്തരവാകുന്നു. പരിശീലനം പരിത്യജിച്ച വിവരം 14-11-2019ലെ എൽ.ആർ.എൻ1-1002/2019 പരിപത്രത്തിലെ നിർദേശങ്ങൾക്കനുസൃതമായി ടിയാളുകളുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. ടിയാളുകൾക്ക് പകരം ചുവടെ ചേർക്കുന്ന ക്ലർക്ക് / വി.എ. തസ്തികയിലെ പരിശീലനാർത്ഥികളെ അവരുടെ പേരിനു നേരെ സൂചിപ്പിച്ചിട്ടുള്ള പരിശീലന കേന്ദ്രത്തിൽ ചെയിൻ സർവ്വേ പരിശീലനത്തിനായി നിയോഗിച്ച് ഉത്തരവാകുന്നു;

| ക്രമ നം | പേര് | പെൻ | ജില്ല | പരിശീലന കേന്ദ്രം |
|---|---|---|---|---|
| 1 | അജികുമാർ കെ. | 126121 | തിരുവനന്തപുരം | തിരുവനന്തപുരം |
| 2 | അഷറഫ് നാട്ടുകല്ലിങ്ങൽ | 483420 | മലപ്പുറം | തൃശ്ശൂർ |
| 3 | സുനിൽദാസ് പി. | 736507 (ടൈപ്പിസ്റ്റ് തസ്തികയിൽ നിന്ന് തസ്തികമാറ്റം വഴി സീനിയർ ക്ലർക്ക്) | കോഴിക്കോട് | തൃശ്ശൂർ |

തിരുവനന്തപുരം പരിശീലന കേന്ദ്രത്തിൽ നിയോഗിക്കപ്പെട്ട പരിശീലനാർത്ഥികൾ

അസിസ്റ്റൻറ് ഡയറക്ടർ, സർവ്വെയും ഭൂരേഖയും വകുപ്പ് സെൻട്രൽ സർവ്വെ ഓഫീസ്, തിരുവനന്തപുരം മുമ്പാകെയും തൃശ്ശൂർ പരിശീലന കേന്ദ്രത്തിൽ നിയോഗിക്കപ്പെട്ടവർ അസിസ്റ്റൻറ് ഡയറക്ടർ, സർവ്വെ റേഞ്ച് ഓഫീസ്,തൃശ്ശൂർ മുമ്പാകെയും 01-06-2022 ന് **രാവിലെ 1 0 മണിക്ക്** ഹാജരാകണമെന്ന നിർദ്ദേശത്തോടെ ബന്ധപ്പെട്ട ഓഫീസ് മേലധികാരി/ ജില്ലാ കളക്ടർ വിട്ടുതൽ ചെയ്യേണ്ടതാണ്. ജീവനക്കാർ ഇതിനു മുമ്പ് സർവ്വെ പരിശീലനം നേടിയിട്ടില്ലെന്ന് ഓഫീസ് മേലധികാരി / ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതും പരിശീലനത്തിന് നിയോഗിക്കപ്പെട്ട വിവരം സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. മേൽ പരാമർശിച്ച ജീവനക്കാരെ പരിശീലനത്തിനായി വിട്ടുതൽ ചെയ്ത വിവരവും ഇവർ പരിശീലനത്തിന് ഹാജരായ വിവരവും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

BIJU K IAS, COMMISSIONER CLR, O/o Commissioner CLR

പരിശീലനാർത്ഥികൾക്ക് (ജില്ലാ കളക്ടർ/ ഓഫീസ് മേധാവി മുഖാന്തിരം)

പകർപ്പ് :-
1. ഡയറക്ടർ, സർവ്വെയും ഭൂരേഖയും വകുപ്പ്, തിരുവനന്തപുരം
2. ഡയറക്ടർ, ഐ.എൽ.ഡി.എം.,പി.റ്റി.പി നഗർ, തിരുവനന്തപുരം
3. അസിസ്റ്റൻറ് ഡയറക്ടർ, സെൻട്രൽ സർവ്വെ ഓഫീസ്, തിരുവനന്തപുരം
4. അസിസ്റ്റൻറ് ഡയറക്ടർ, സർവ്വെ റേഞ്ച് ഓഫീസ്, തൃശ്ശൂർ
5. ജില്ലാകളക്ടർ, തിരുവനന്തപുരം/ കോട്ടയം/ മലപ്പുറം/ കോഴിക്കോട്
6. നോഡൽ ഓഫീസർ, സ്റ്റേറ്റ് ഐ.റ്റി സെൽ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7. കരുതൽ ഫയൽ

ഇത് കമ്പ്യൂട്ടർ ജനറേറ്റുചെയ്ത പ്രമാണമാകയാൽ മാന്വൽ ഒപ്പ് ആവിശ്യമില്ല
ഈ കത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് https://eoffice.kerala.gov.in/ എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.